# ഈദുൽ അദ്ഹാ
# ത്യാഗത്തിന്റെ ഓർമപ്പെരുന്നാൾ

ലേഖനം
●
**എസ്.കെ**



**ഇബ്റാഹീമീ** ത്യാഗത്തിന്റെ ഓർമപുതുക്കുന്ന ഒരു ബലിപെരുന്നാൽ കൂടി. ഓർമ മനുഷ്യചരിത്രം നിർമിക്കുന്ന വളപ്പൊട്ടുകളാണ്. സ്മരണയുടെ വളപ്പൊട്ടുകൾ കൂട്ടിവെച്ചാണ് കാലം ഭൂതത്തിൽനിന്ന് ഭാവിയിലേക്ക് പാലം നിർമിക്കുന്നത്. അങ്ങനെയാണ് ആദമിൽനിന്നു തുടങ്ങുന്ന മനുഷ്യ പ്രവാഹത്തിന്റെ നൈരന്തര്യം ഉറപ്പുവരുത്തുന്നത്.

മനുഷ്യനെന്ന മഹാ പ്രവാഹത്തിന് എത്ര ഒഴുകിയാലും എവിടെയെല്ലാം പരന്നാലും മറക്കാനാവാത്ത നാമമാണ് ഇബ്റാഹീം. സ്വന്തം ജീവിതം കൊണ്ട് ഇബ്റാഹീം രചിച്ച ത്യാഗത്തിന്റെ അരുണിമ ആ പ്രവാഹത്തിന്റെ ഓരോ കണികയിലും ചേർന്നിട്ടുണ്ട്. ഓരോ ഈദുൽ അദ്ഹായും ഇബ്റാഹീമിന്റെ സ്മരണകൾ ഓർത്തെടുക്കാനുള്ള മനുഷ്യ മഹാസഞ്ചയത്തിന്റെ ആഘോഷ മുഹൂർത്തങ്ങളാണ്.

എന്തുകൊണ്ട് ഇബ്റാഹീം? കലുഷമായ ഒരു കാലത്താണ് ഇബ്റാഹീം വന്നത്. തങ്ങളെ സൃഷ്ടിച്ചു പരിപാലിക്കുന്ന നാഥനിൽനിന്ന് എത്രയേറെ അകലാമോ അത്രത്തോളം ജനം അകന്നുപോയ കാലം. സ്വയം കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങൾക്കു മുന്നിൽ താഴ്മയോടെ നിൽക്കുന്ന മനുഷ്യൻ. മാനവിക ആദരവിന്റെ സർവ മൂല്യങ്ങളും അവൻ നഷ്ടപ്പെടുത്തിക്കളഞ്ഞു. ബുദ്ധിയും ചിന്തയും മരവിച്ചുപോയ അവരോട് ഇബ്റാഹീം കലഹിച്ചു. ഇബ്റാഹീമിന്റെ വാക്കുകൾ നിഷേധിക്കൂട്ടങ്ങളുടെ തലച്ചോറിൽ കൂരമ്പുകളായി ആഴ്ന്നിറങ്ങി. “ഉപകാരവും ഉദ്രവവും ചെയ്യാത്ത....”

മറുവശത്ത് നാം നംറൂദിനെ കാണുന്നു. ജനങ്ങളുടെ ജീവിതവും മരണവും ‘ഞാൻ’ തീരുമാനിക്കുമെന്ന ഏകാധിപത്യത്തിന്റെ ശാഠ്യം. ദൈവത്തെക്കുറിച്ച വിസ്മൃതി ഒരധികാരിയെ എന്തു മാത്രം ക്രൂരനാക്കും എന്നതിന്റെ ഒന്നാംതരം തെളിവ്. പാവം ജനം ഭയന്നുവിറച്ച് തൃപ്പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ച് നാളുകൾ കഴിച്ചുകൂട്ടി. മെസപ്പൊട്ടോമിയയുടെ നഗരപ്രാന്തങ്ങളിൽ ചരിത്രം നിശ്ചലമായിനിന്നു. ഇബ്റാഹീം രാജകൊട്ടാരത്തിലേക്ക് ഏകനായി കടന്നുചെന്നു. ഒരുപക്ഷേ

ലോകചരിത്രത്തിൽതന്നെ ഏകാധിപത്യത്തിനെതിരിലുള്ള 'ജനകീയ' വിപ്ലവത്തിന്റെ ഉജ്ജ്വലമായ ആദ്യ ശബ്ദങ്ങൾ നാം കേൾക്കുന്നു. ഇടിമുഴക്കം പോലെ രാജകൊട്ടാരത്തിന്റെ നാല് ചുമരുകളിലും പ്രതിധ്വനിച്ച ആ ചോദ്യങ്ങൾ കേട്ട് ഏകാധിപതി തരിച്ചുനിന്നു. "............ അപ്പോൾ നിഷേധിക്ക് ഉത്തരം മുട്ടിപ്പോയി....." (2:257). പുരോഹിതന്മാർ വിധിച്ചു: "അവനെ കരിക്കൂ.... ദൈവങ്ങളെ രക്ഷിക്കൂ...." കുഫ്റിന്റെ കറുത്ത ശക്തികൾ പുറത്ത് ആർത്തുല്ലസിക്കുമ്പോൾ തീകുണ്ഠാരത്തിൽ ഇബ്റാഹീം തന്റെ ഭക്തിക്കും ദൈവസമർപ്പണത്തിനും അഗ്നിശുദ്ധി വരുത്തുകയായിരുന്നു.

അഗ്നി മോചനം കഴിഞ്ഞ് പലായനത്തിന്റെ നീണ്ട വഴികളിൽ, പുതിയ ദേശങ്ങളിൽ ദിവ്യസന്ദേശത്തിന്റെ പ്രചാരണവുമായി അവിരാമമായ യാത്രകൾ. ആറ്റുനോറ്റിരുന്ന് പിറന്ന കണ്ണിലുണ്ണിയെ കൂടി മരുഭൂമിയുടെ നിർദയമായ കൈകളിലേൽപ്പിച്ച് യാത്രതുടരാനുള്ള ദൈവകൽപന.

ഒടുവിൽ തന്റെ തുടിക്കുന്ന കരളിന്റെ ഒരു ഭാഗം (സ്വന്തം പുത്രൻ) സ്വന്തം കൈയിൽ പിടിച്ച കത്തിയാൽ മുറിച്ചു മാറ്റണമെന്ന ദൈവകൽപന.... ഇതെല്ലാം സംഭവബഹുലമായ ഇബ്റാഹീമിന്റെ നീണ്ട ജീവിതത്തിലെ അകന്നകന്ന ചില ബിന്ദുക്കൾ മാത്രം. ചില സംഭവങ്ങൾ കൊണ്ട് മാത്രം വ്യാഖ്യാനിക്കാനാവാത്ത എന്തൊക്കെയോ ആയിരുന്നു ഇബ്റാഹീം. മറ്റാർക്കും നൽകാത്ത മഹിത വിശേഷണങ്ങൾ ചാർത്തിയാണ് ഖുർആൻ ഇബ്റാഹീമിനെ അവതരിപ്പിക്കുന്നത്. ഇമാമുന്നാസ് എന്നും ഖലീലുല്ലാ എന്നും ഉമ്മത്ത് എന്നും ഇബ്റാഹീം വിളിക്കപ്പെട്ടു. ഇബ്റാഹീമിനു തുല്യം ഇബ്റാഹീം മാത്രം എന്നാണിതെല്ലാം സൂചിപ്പിക്കുന്നത്.

ഇമാമുന്നാസ് (ജനനായകൻ) എന്ന പ്രയോഗം വളരെ ശ്രദ്ധേയമാണ്. വിശേഷിച്ചും മാനവത എന്നെത്താക്കാളും ശിഥിലമായിപ്പോയ നമ്മുടേത് പോലുള്ള ഒരു കാലത്ത്. ജനനായകന്റെ ഓർമപ്പെരുന്നാൾ നമുക്ക് മുന്നിൽ പ്രതീക്ഷയുടെ പുതിയ വാതിലുകൾ തുറന്നിടുന്നുണ്ട്. ലോകത്തെ മതസമൂഹങ്ങളെ -ഇസ്‌ലാം, ക്രൈസ്തവ, യഹൂദ- കോർത്തിണക്കുന്ന കണ്ണിയായി ആ പ്രവാചകന്മാരുടെ പിതാവ് ചരിത്രത്തിന്റെ തെളിഞ്ഞ മാനത്ത് പൗർണമിയായി ചന്ദ്രിക പൊഴിച്ച് നിൽക്കുന്നത് നാം കാണുന്നു. ഒരൽപംകൂടി മുന്നോട്ടു

**ഇബ്റാഹീമിന് എല്ലാം ദൈവംതന്നെയായിരുന്നു. മാർഗവും ലക്ഷ്യവും പാതയും എല്ലാം. നാട് ബഹിഷ്കരിച്ചമുഹമ്മദ് നബിക്ക് പൂർണ ചന്ദ്രനായി ഉദിച്ചുയരാൻ മദീനയുടെ ആകാശമുണ്ടായിരുന്നു. ഒന്നും രണ്ടും അഖബാ ഉടമ്പടിയിലൂടെ ഒരുക്കിവെച്ച നിലത്തിലേക്കാണ് അദ്ദേഹം ചെന്നത്. എന്നാൽ ഇബ്റാഹീമിന്റെ കാര്യമോ? നാടും വീടും പുറന്തള്ളിയ ഇബ്റാഹീമിനു മുന്നിൽ ആകാശത്തേക്ക് തല നീട്ടി നിൽക്കുന്ന കരിമ്പാറ കൂട്ടങ്ങളുടെ ഇടയിൽ ഒരു കാറ്റിൽ ജനിക്കുകയും അടുത്ത കാറ്റിൽ മരിക്കുകയും ചെയ്യുന്ന മണൽ കൂനകളല്ലാതെ മറ്റൊന്നുമില്ല.**

പോയാൽ ബ്രാഹ്മണർക്കു പോലും വംശപരമായി ഇബ്റാഹീമിലേക്ക് നീളുന്ന ഒരു കണ്ണിയുണ്ട് എന്ന് അഭിപ്രായപ്പെട്ട ഗവേഷകരുമുണ്ട്. ഇബ്റാഹീമിന്റെ ധന്യമായ നേതൃത്വത്തെ ഭൂതകാലത്തിന്റെ പുറന്തോടുകൾ പൊളിച്ച് വർത്തമാനത്തിന്റെ തുറന്ന മൈതാനത്തേക്ക് കൊണ്ടുവരികയാണ് ഇന്നിന്റെ അടിയന്തരാവശ്യം.

ഇബ്റാഹീം എങ്ങനെ ദൈവത്തിന്റെ ചങ്ങാതിയായി? കൂട്ടുകാരനും പങ്കാളിയുമില്ലാത്ത ദൈവത്തിന് സൃഷ്ടികളിൽനിന്നൊരു ചങ്ങാതിയോ? പണ്ഡിതന്മാർ മൂക്കത്ത് വിരൽ വെച്ച് അത്ഭുതം കൂറുന്നു. അതിന്റെ മാനങ്ങൾ വിശദീകരിക്കാൻ അശക്തമായി ഭാഷ കാലിടറി വീഴുന്നു. ഇബ്റാഹീമിന് എല്ലാം ദൈവം തന്നെയായിരുന്നു. മാർഗവും ലക്ഷ്യവും പാതയും എല്ലാം. നാട് ബഹിഷ്കരിച്ച മുഹമ്മദ് നബിക്ക് പൂർണ ചന്ദ്രനായി ഉദിച്ചുയരാൻ മദീനയുടെ ആകാശമുണ്ടായിരുന്നു. ഒന്നും രണ്ടും അഖബാ ഉടമ്പടിയിലൂടെ ഒരുക്കിവെച്ച നിലത്തിലേക്കാണ് അദ്ദേഹം ചെന്നത്. എന്നാൽ ഇബ്റാഹീമിന്റെ കാര്യമോ? നാടും വീടും പുറന്തള്ളിയ ഇബ്റാഹീമിനു മുന്നിൽ ആകാശത്തേക്ക് തല നീട്ടി നിൽക്കുന്ന കരിമ്പാറ കൂട്ടങ്ങളുടെ ഇടയിൽ ഒരു കാറ്റിൽ ജനിക്കുകയും അടുത്ത കാറ്റിൽ മരിക്കുകയും ചെയ്യുന്ന മണൽ കൂനകളല്ലാതെ മറ്റൊന്നുമില്ല. ഒരൽപം വിട്ടുവീഴ്ചക്ക് തയാറാകണോ എന്ന് ഏതു വിപ്ലവകാരിയും ചിന്തിച്ചുപോവുന്ന സന്ദർഭം. എന്നാൽ ഇബ്റാഹീമിന്റെ സ്വരം ദൃഢമായിരുന്നു. "ഞാൻ എന്റെ റബ്ബിങ്കലേക്ക് പോകുന്നു. അവൻ എനിക്ക് വഴികാട്ടും..." ഇബ്റാഹീമിന്റെ മുന്നിൽ ഭാഷ ഒരിക്കൽ കൂടി അശക്തമാകുന്നു. ദൈവത്തിലേക്ക് പോകും എന്നു പറഞ്ഞാൽ ഇബ്റാഹീമിന്റെ ദേശവും ദൈവമായിരുന്നു!?

മനുഷ്യനിൽനിന്ന് ദൈവത്തിലേക്കുള്ള അകലം കുറക്കുന്ന ഏറ്റവും മഹിതമായ കർമമാണ് പ്രാർഥന. പ്രാർഥനയുടെ നിറവാണ് ഇബ്റാഹീമീ ജീവിതത്തിന്റെ ധന്യത. ഇബ്റാഹീമിന്റെ പ്രാർഥന തന്നെയും സന്തതികളെയും നിത്യപ്രാർഥനക്കാരാക്കണേ എന്നായിരുന്നു (14:40). നാഗരികതയുടെയും സംസ്കാരങ്ങളുടെയും ചരിത്രമെഴുതുമ്പോൾ വിസ്മരിക്കാനാവാത്ത ഒരു പ്രാർഥനയുണ്ട്. അത് കഅ്ബാ നിർമാണവേളയിൽ ഇബ്റാഹീമും ഇസ്മാഈലും ചേർന്ന് നടത്തിയതാണ്. വാസ്തവത്തിൽ കഅ്ബയുടെ ആധാരശില പോലും ഈ പ്രാർഥനയായിരിക്കണം. അങ്ങനെ സംസ്കാരവും നാഗരികക്രമവും പോലും പ്രാർഥനയാൽ കെട്ടിപ്പടുക്കാമെന്ന് ഇബ്റാഹീം പഠിപ്പിച്ചു (അൽബഖറ 127-129).

ജലസ്പർശത്തിന് ദാഹിച്ചുകിടന്ന മണൽക്കാട്ടിലെ മണൽതരികൾ, ഇബ്റാഹീമിന്റെ പ്രാർഥനാബാഷ്പങ്ങൾ ഘനീഭവിച്ച അശ്രുകണങ്ങളേറ്റ് പുളകം കൊള്ളുന്നത് നാം കാണുന്നു. ദൈവത്തിന്റെ വിളിയാളത്തിനുത്തരം നൽകി, കൈക്കുഞ്ഞിനെയും പ്രിയതമയെയും മരുഭൂമിയുടെ നിർദയമായ കൈയിലേൽപിച്ചുകൊണ്ട് യാത്രയാകുമ്പോൾ ഇബ്റാഹീം തേങ്ങി. "നാഥാ, എന്റെ കുഞ്ഞുങ്ങളെ വിത്ത് പൊടിയാത്ത ഈ താഴ്‌വരയിൽ പാർപ്പിക്കുകയാണ്; അവർ വേണ്ടുംവണ്ണം നമസ്കരിക്കാൻ വേണ്ടി പവിത്രമായ നിന്റെ വീടിന്റെയടുക്കലാണ് അവരെ വിട്ടേച്ച് പോകുന്നത്. ജനഹൃദയങ്ങളിൽ അവരോടനുഭാവം നിറക്കേണമേ.. ഫലമൂലാദികളാലവർക്ക് നീ ആഹാരം നൽകേണമേ.. അവർ കൃതജ്ഞതയോടെ ജീവിച്ചേക്കും" (14:37). ഇബ്റാഹീമിന്റെ ജീവിതംതന്നെ നീണ്ട ഒരു പ്രാർഥനയായിരുന്നു.

ദൈവത്തോടുള്ള സമർപ്പണത്താൽ സാന്ദ്രമായിരുന്നു ആ ജീവിതത്തിന്റെ ഓരോ നിമിഷങ്ങളും. "നാഥൻ ഇബ്റാഹീമിനോട് പറഞ്ഞു: സമർപ്പിതനാകൂ..... ഇബ്റാഹീം: ലോകങ്ങളുടെ നാഥന് ഞാനിതാ എന്നെതന്നെ സമർപ്പി

ച്ചിരിക്കുന്നു...'' (2:131). ഇബ്‌റാഹീം സമർപ്പിപ്പിച്ച ജീവനകലയുടെ ആധാരം ഈ സമർപ്പണമായിരുന്നു. ആ സമർപ്പണത്തിനു പറയുന്ന പേരാണ് ഇസ്‌ലാം. "നാഥാ, ഞങ്ങളെ രണ്ടിനെയും മുസ്‌ലിംകളാക്കൂ... ഞങ്ങളുടെ മക്കളിലും ഇസ്‌ലാമിനെ നെഞ്ചേറ്റുന്ന ഒരു കൂട്ടരുണ്ടാവണം..." (2:128).

ത്യാഗമായിരുന്നു ഇബ്‌റാഹീമീ ജീവിതത്തിന്റെ അന്തർധാര. ഉന്നതമായൊരു ലക്ഷ്യം നേടാൻ വേണ്ടി തനിക്ക് വിലപ്പെട്ടതെല്ലാം കൈവെടിയലാണ് ത്യാഗം. കുടുംബവും വീടും നാടും വെടിഞ്ഞ ഇബ്‌റാഹീമിനെ നാം കണ്ടു. ദൈവത്തിനു വേണ്ടി തന്നെത്തന്നെ വെടിയാനും അദ്ദേഹം ഒരുക്കമായിരുന്നുവെന്ന് അഗ്നിപ്രവേശത്തിൽ നാം കണ്ടു. ഒരുപക്ഷേ ഈ മാർഗത്തിൽ അദ്ദേഹമനുഭവിച്ച ഏറ്റവും കടുത്ത പരീക്ഷണത്തെ കുറിച്ച് ചിലത് പറയേണ്ടതുണ്ട്. അത് മകനെ ബലിയർപ്പിക്കാനുള്ള ദൈവ കൽപനയാണ്. "സൗമ്യനായ ഒരു പിഞ്ചുകുഞ്ഞിനെ കുറിച്ച് നാമദ്ദേഹത്തിന് സുവിശേഷമറിയിച്ചു. അവൻ പിതാവിനൊപ്പം ചേർന്ന് അധ്വാനിക്കാനുള്ള പാകമെത്തിയപ്പോൾ പിതാവ് പറഞ്ഞു: ഞാൻ നിന്നെ അറുക്കണമെന്ന് സ്വപ്നം കാണുന്നു....." (37:101,102). നോക്കുക എത്ര ഘോരമായ പരീക്ഷണമാണിത്. മനുഷ്യകുലത്തിൽപെട്ട ഒരുവനും മുമ്പോ ശേഷമോ ഇത്തരമൊരു സാഹചര്യം നേരിട്ടിട്ടുണ്ടാവില്ല. താനേറ്റവും അധികം സ്നേഹിക്കുന്ന തന്റെ നാഥൻ, ആർക്കുവേണ്ടിയാണോ താൻ ലോകത്തോട് മുഴുവൻ പൊരുതിയത് അതേ തമ്പുരാൻ, തന്നോട് കൽപിക്കുന്നു, തന്റെ ചാരത്തിരിക്കുന്ന ആ പിഞ്ചു പൈതലിന്റെ, കഴുത്തിൽ കത്തിവെച്ച് അറുത്തറുത്ത് കൊല്ലണമെന്ന്. ആര് സഹിക്കുമിത്? വല്ല കൊക്കയിലേക്കോ സമുദ്രത്തിലേക്കോ വലിച്ചെറിയാനായിരുന്നുവെങ്കിൽ എത്ര എളുപ്പമായിരുന്നു. ഒരു നിമിഷം കൊണ്ട് എല്ലാം കഴിഞ്ഞേനെ.

പക്ഷേ, കാലം വീണ്ടും ഇബ്‌റാഹീമിനെ നോക്കി വിസ്മയിച്ചുനിൽക്കുന്നു. ചരിത്രം വീണ്ടും ഇബ്‌റാഹീമിനു ചുറ്റും പ്രദക്ഷിണം ചെയ്യുന്നു. ഇബ്‌റാഹീമിന്റെ വിശ്വാസം അചഞ്ചലമായിരുന്നു. അങ്ങനെയെങ്കിൽ അങ്ങനെ. നാഥൻ അതാണ് ആവശ്യപ്പെടുന്നതെങ്കിൽ ഇബ്‌റാഹീം സംശയിക്കാനോ? ഇബ്‌റാഹീം മകനോട് വിവരം പറഞ്ഞു. അത്ഭുതം വിസ്മയത്തിന്റെ ഒരുകോടി സൂര്യന്മാർ

**പ്രാർഥനയുടെയും സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും വിശുദ്ധമായ ഒരു സാംസ്കാരിക നാഗരികക്രമം അദ്ദേഹം സ്ഥാപിച്ചു. ആ അർഥത്തിൽ അദ്ദേഹമൊരു വലിയ സമൂഹത്തിന്റെ ദൗത്യമാണ് നിർവഹിച്ചത്. മാത്രമല്ല പിൽക്കാല മാനവസമൂഹത്തിന് തന്നെ അവണഗിച്ച് മുന്നോട്ട് പോകാനാവാത്തവിധം ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്ത് അദ്ദേഹം പ്രതിഷ്ഠിക്കപ്പെട്ടു. സമൂഹം വിളിക്കുന്നേടത്തേക്ക് വ്യക്തികൾ ചെല്ലുന്നതാണ് സാധാരണ കാണുന്നത്.**

ഒന്നിച്ചുദിച്ചു. സൗമ്യതയോടെ കഴുഞ്ഞ് നീട്ടിക്കൊണ്ട് തേനൂറും ഭാഷയിൽ അവൻ പറഞ്ഞു: "ചക്കരയുപ്പാ.. നാഥൻ കൽപിച്ചതങ്ങ് നടപ്പാക്കൂ... അല്ലാഹുവിന്റെ വേണ്ടുകയുണ്ടെങ്കിൽ ഞാൻ ക്ഷമാപൂർവം വർത്തിക്കുന്നത് അങ്ങേക്ക് കാണാം" (37:102). അനന്തര സംഭവങ്ങളൊക്കെ നമുക്കറിയാം (37:101-108 നോക്കുക). ത്യാഗത്തിന്റെ പുതിയൊരു മലർവാടി കൂടി പൂത്തുലഞ്ഞു. "പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ കീർത്തി നാം നിലനിർത്തി" (37:108). ഇബ്‌റാഹീമിന്റെ ഭക്തിയാണിവിടെ ജ്വലിക്കുന്നത്. കലർപ്പില്ലാത്ത അതിന്റെ കാന്തി. അല്ലാഹുവിന് വേണ്ടിയിരുന്നത് ഇസ്മാഈലിന്റെ ചലനമറ്റ ശരീരമോ കട്ടപിടിച്ച ചോരയോ ആയിരുന്നില്ല. ഇബ്‌റാഹീമിന്റെ ചലനമുള്ള ഭക്തിയും പതറാതൊഴുകുന്നവിശ്വാസവുമാണ് അല്ലാഹു ആവശ്യപ്പെട്ടത്. ഈ പ്രതീകത്തിന്റെ ആവർത്തനമാണ് മൃഗബലിയിലൂടെ ഓരോ വിശ്വാസിയും പ്രഖ്യാപിക്കേണ്ടത്. "ബലിമൃഗങ്ങളുടെ മാംസമോ രക്തമോ അല്ലാഹുവിന്റെയടുക്കലെത്തുകയേ ഇല്ല. എന്നാൽ നിങ്ങളുടെ ദൈവഭക്തിയാണെത്തുക" (22:37).

"നിശ്ചയം ഇബ്‌റാഹീം അല്ലാഹുവിന് കീഴ്പ്പെട്ട, നേർവഴിയിൽ ചലിച്ച ഒരു ഉമ്മത്തായിരുന്നു'' (16:120). ഖുർആൻ ഇബ്‌റാഹീമിന്റെ പേരിൽ ഭാഷ കൊണ്ട് വിസ്മയം തീർക്കുകയാണ്; ഇബ്‌റാഹീമെന്ന വ്യക്തിയുടെ സമൂഹപരതയെ ഊന്നിപ്പറഞ്ഞുകൊണ്ട്. ഉമ്മത്തെന്നാൽ സമൂഹമെന്ന് സാമാന്യമായി പരിഭാഷപ്പെടുത്താം. ഒരു വ്യക്തി ഒരു സമൂഹമാണ് എന്ന് പറയുമ്പോൾ എന്തായിരിക്കും അതിന്റെ അർഥതലങ്ങൾ?

ഒരു സമൂഹം ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത് അതത് സമൂഹങ്ങൾ ജീവിച്ച കാലത്ത് സംസ്കാരങ്ങളും നാഗരികതയും കെട്ടിപ്പടുത്തുകൊണ്ടാണ്. ഈ രണ്ടുമില്ലാത്ത സമൂഹത്തിന് ചരിത്രവുമില്ല. ഇബ്‌റാഹീം വ്യതിരിക്തമാവുന്നത് ഇവിടെയാണ്. പ്രാർഥനയുടെയും സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും വിശുദ്ധമായ ഒരു സാംസ്കാരിക നാഗരികക്രമം അദ്ദേഹം സ്ഥാപിച്ചു. ആ അർഥത്തിൽ അദ്ദേഹമൊരു വലിയ സമൂഹത്തിന്റെ ദൗത്യമാണ് നിർവഹിച്ചത്. മാത്രമല്ല പിൽക്കാല മാനവസമൂഹത്തിന് തന്നെ അവണഗിച്ച് മുന്നോട്ട് പോകാനാവാത്തവിധം ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്ത് അദ്ദേഹം പ്രതിഷ്ഠിക്കപ്പെട്ടു. സമൂഹം വിളിക്കുന്നേടത്തേക്ക് വ്യക്തികൾ ചെല്ലുന്നതാണ് സാധാരണ കാണുന്നത്. എന്നാലിവിടെ വ്യക്തി വിളിക്കുന്നേടത്തേക്ക് ചരിത്രവും സമൂഹവും ചെല്ലുന്നത് നാം കാണുന്നു. "ഇബ്‌റാഹീമേ നീ ജനത്തെ ഹജ്ജിനു വിളിക്കൂ. അവർ നിന്നടുക്കലേക്ക് കാൽ നടയായി വരും; വിദൂര മലമ്പാതകൾ താണ്ടി മെലിഞ്ഞ ഒട്ടകപ്പുറത്തേറിയും അവർ വരും" (22:27). ഇബ്‌റാഹീമിന്റെ വാക്കിനെ കാറ്റും കടലും ഏറ്റെടുത്തു. അവ ചെന്നിടത്തെല്ലാം ജനതയുടെ കാതിൽ ഇബ്‌റാഹീമിന്റെ സന്ദേശമോതി. വിദൂര മലമ്പാതകൾ താണ്ടിയും മരുഭൂമി മുറിച്ചു കടന്നും അവർ ഇബ്‌റാഹീമിലേക്കൊഴുകിക്കൊണ്ടേയിരിക്കുന്നു.....

'ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്....' ■